Draft #3 of File 173022/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 06-Feb-2023 04:14 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എൽ . എൽ . ബി പ്രോഗ്രാമിന്റെ റീവാല്യൂവേഷൻ ഫീ പുനർ നിർ ണ്ണയിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1409/AC A 1/2023/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 06.02.2023

---

*പരാമർശം:*-1.സർവ്വകലാശാല ഉത്തരവ് നം. 7963/ACA1/2022/എം.ജി.യു തീയതി.26.07.2022

2. സർവ്വകലാശാല ഉത്തരവ് നം.912/ACA1/2023/എം.ജി.യു തീയതി.23.01.2023

3.02.02.2023 തീയതിയിൽ വൈസ് ചാൻസലറുടെ ചേംബറിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്

**ഉത്തരവ്**

സർവ്വകലാശാല നൽകി വരുന്ന വിവിധ സേവനങ്ങൾക്ക് ഈടാക്കേണ്ടതായ ഫീസ് നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ പ്രൊഫഷണൽ/ നോൺ പ്രൊഫഷണൽ കോഴ്സുകളുടെ Revaluation Fee, Scrutiny Fee എന്നിവ താഴെ ചേർത്തിരിക്കുന്ന പ്രകാരം രേഖപ്പെടുത്തിയിരുന്നു.

- Revaluation of Answer Script per paper (UG&PG other than Professional Courses) - Rs.390/-
- Revaluation of Answer script per paper (B.Tech and other Professional Courses) - Rs 830/-
- Scrutiny of Answer Script per paper - Rs. 170/-

പ്രൊഫഷണൽ കോഴ്സുകൾ ഏതൊക്കെയാണ് എന്നതിൽ പരീക്ഷാ വിഭാഗം സ്പഷ്ടീകരണം ആവശ്യപ്പെട്ടതിൻ പ്രകാരം വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കു സമർപ്പിക്കുകയും 23.12.2022-ന്ന കൂടിയ സിൻഡിക്കേറ്റ് യോഗ തീരുമാന പ്രകാരം മേൽ വിഷയത്തിൽ സ്പഷ്ടീകരണം നൽകിക്കൊണ്ട് പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

എന്നാൽ പരാമർശം (2) ഉത്തരവ് സംബന്ധിച്ച് എൽ.എൽ.ബി വിദ്യാർത്ഥികൾ ചില ആശങ്കകൾ ഉന്നയിച്ചതിനെത്തുടർന്ന് വിഷയം ചർച്ച ചെയ്യുന്നതിനായി പരാമർശം (3) പ്രകാരം കൂടിയ യോഗം ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

*"1) പ്രൊഫഷണൽ കോഴ്സായ എൽ.എൽ ബി-യുടെ റീവാല്യൂവേഷൻ ഫീസ് 390/- രൂപയായി പുനർനിർണ്ണയിക്കുന്നതിനും.,*

*2) ഉയർന്ന ഫീസ് ഒടുക്കിയ എൽ.എൽ ബി വിദ്യാർത്ഥികൾക്ക്, കൂടുതലായി ഒടുക്കിയ ഫീസ്*

*മാനുവലായി പ്രോസസ്സ് ചെയ്ത് തിരികെ നൽകുന്നതിനും.,*

*3) റീവാല്യൂവേഷൻ ഫീസ് പുനക്രമീകരണം സിസ്റ്റത്തിൽ വരുത്തിയതിനു ശേഷം, ഇനിയും ഫീസ് ഒടുക്കുവാനുള്ള വിദ്യാർത്ഥികൾക്ക് ആയതിന് 05 പ്രവർത്തി ദിനങ്ങൾ കൂടി അനുവദിച്ചു നൽകുന്നതിനും.,*

*4) പ്രൊഫഷണൽ കോഴ്സുകളുടെ ഫീസ് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ സിൻഡിക്കേറ്റിലേക്ക് പുനസമർപ്പിക്കുന്നതിനും."  തീരുമാനിച്ചു.*

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.
3.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ്/ അക്കാദമിക്)
4.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി /  യൂണിവേഴ്സിറ്റി വെബ് സൈറ്റ്
5.അക്കൌണ്ട്സ്- 3/5/ ഐ.ടി സെൽ/ഇ.ഐ- 29/31/33/37 /ഇ.ജെ 3
6.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 173022/AC A1-2/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 06-Feb-2023 04:14 PM - Page 2